(15) മൂഴിയാർ അണക്കെട്ടിൽനിന്നും വെള്ളം തുറന്നുവിടേണ്ടതിന്റെ ആവശ്യകത

ശ്രീ. രാജു എബ്രഹാം : സർ, ശബരി പദ്ധതി നിർത്തിവച്ചതായി റൂൾ 300 പ്രകാരം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സ്റ്റേറ്റുമെന്റ് നടത്തുകയുണ്ടായി. അവിടെ നിന്നും കറന്റ് ഉല്പാദിപ്പിച്ചിട്ട് പുറത്തു വിടുന്ന വെള്ളം ഉപയോഗിച്ചാണ് അഞ്ച് താലൂക്കുകളിൽ കുടിവെള്ള വിതരണ പദ്ധതികൾ നടത്തുന്നത്. റാന്നിയിലെ പതിനൊന്ന് ശുദ്ധജല പദ്ധതികൾ ഇന്നലെ മുതൽ പരിപൂർണ്ണമായും നിർത്തിവച്ചു. നാല് താലൂക്കുകളിൽ ഏതു സമയവും ശുദ്ധജല വിതരണം നിർത്തി വയ്ക്കാവുന്ന അവസ്ഥയാണ്. രണ്ട് ലക്ഷം കുടുംബാംഗങ്ങളേയും 15 ലക്ഷം ജനങ്ങളേയും നേരിട്ടു ബാധിക്കുന്നതാണ് പ്രശ്നം. ഫെബ്രുവരി 13 മുതൽ മാരാമൺ കൺവെൻഷൻ നടക്കുകയാണ്. 20-ാം തീയതി മുതൽ ചെറുവപ്പുഴ ഹിന്ദുമത കൺവെൻഷൻ നടക്കുകയാണ്. ഇവിടെ എത്തുന്ന ലക്ഷോപലക്ഷം ജനങ്ങൾ കുടിവെള്ളമില്ലാതെ നരകയാതന അനുഭവിക്കാൻ പോകുകയാണ്. അതുകൊണ്ട് അടിയന്തിരമായും ഇക്കാര്യത്തിൽ ഇടപെട്ടുകൊണ്ട് എല്ലാ ദിവസവും രാത്രി എട്ടു മണിക്കും രാവിലെ ഏതാനും മണിക്കൂറുകളും ഇതിനെ ബാധിക്കാതെ മൂഴിയാർ അണക്കെട്ടിൽ നിന്നും കുടിവെള്ളം തുറന്നു വിടണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഞാൻ ഇന്നലെ റൂൾ 300 അനുസരിച്ച് ഒരു പ്രസ്താവന നടത്തിയിരുന്നു. ശബരിയിൽ റിനോവേഷൻ വർക്ക് നടക്കുകയാണ്. അത് വർഷ കാലത്തു നടത്താൻ കഴിയാത്ത ഒരു കാര്യമാണ്. ഈ സന്ദർഭത്തിൽ മാത്രമേ സാധിക്കൂ. കുറച്ചു ദിവസം കഴിയുമ്പോൾ എസ്.എസ്.എൽ.സി. പരീക്ഷയാകും. മാർച്ച് ആകുമ്പോൾ കുടിവെള്ള പ്രശ്നം രൂക്ഷമാകുകയും ചെയ്യും. അതുകൊണ്ടാണ് ഈ സമയത്ത്, പരമാവധി ഇതു ചെയ്യാൻ ഉദ്ദേശിച്ചത്. ഏതായാലും ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച കാര്യത്തിൽ എന്ത് ചെയ്യാൻ കഴിയുമെന്ന് ഇറിഗേഷൻ മിനിസ്റ്ററുമായി ആലോചിച്ച് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യാം.

VI വ്യക്തിപരമായ വിശദീകരണം

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഇന്നലെ ബഡ്ജറ്റ് ചർച്ചാവേളയിൽ പങ്കെടുത്തു കൊണ്ട് സംസാരിച്ചപ്പോൾ പ്രതിപക്ഷനേതാവ് ശ്രീ. വി.എസ്. അച്ചുതാനന്ദൻ കോവളത്ത് ശ്രീ. കെ. എം. മാണിയുടെ മരുമക്കളോ എന്നോ മറ്റോ സംബോധന വരുന്ന ഒരു സെറ്റുകൾ ഏഴര ഏക്കർ പുറംപോക്ക് ഭൂമി കയ്യേറിയിരിക്കുകയാണെന്നും ശ്രീ. കെ. എം. മാണിയുടെ ബന്ധുക്കളും കയറുകയാണെന്നും പ്രസ്താവിക്കുകയുണ്ടായി. ആരോപണങ്ങൾ ഉന്നയിക്കുന്നതിന് ചില നടപടിക്രമങ്ങളുണ്ട്. അതൊന്നും പാലിക്കാതെ വാലും തലയുമില്ലാത്ത ആക്ഷേപമാണ് അദ്ദേഹം ഇന്നലെ ഇവിടെ ഉന്നയിക്കുകയുണ്ടായത്. പുകമറയുണ്ടാക്കുന്ന വാർത്തകൾ സൃഷ്ടിക്കുകയെന്നത് മാത്രമാണ് ഇത്തരം പ്രസ്താവനകൾക്ക് പിന്നിലുള്ളത്. ഇത് ഒരിക്കലും അനുവദനീയമല്ല. ഇങ്ങനെ ചട്ടത്തിനു വിരുദ്ധമായി നടത്തിയിട്ടുള്ള പ്രസ്താവനകൾ എക്സ്പഞ്ച് ചെയ്യേണ്ടതാണ്.

11.00 am]

LIBRARY ARCHIVES Kerala Legislative Assembly